## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5438 24.05.2017-ൽ മറുപടിയ്ക്ക്

## സമാശ്വാസ തൊഴിൽദാന പദ്ധതി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) എറണാകുളം ജില്ലയിൽ വളയൻ ചിറങ്ങര മൃഗാശുപത്രിയിൽ ജോലി നോക്കിവരവെ മരണമടഞ്ഞ എം.ഭാസ്കരന്റെ മകൻ ശബരിനാഥ്.റ്റി.ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം എൽ.ഡി.സി നിയമനത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ 196/2014 തീയതി 19.09.2014 പ്രകാരം ഉത്തരവായത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ;<br>(ബി) എന്നാൽ നാളിതുവരെയും ശ്രീ.ശബരിനാഥിന് നിയമനം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) ഉണ്ട് |
| (സി) എന്തുകൊണ്ടാണ് ശബരിനാഥിന് ആശ്രിതനിയമനം നൽകാതി-രിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമന പ്രകാരം 18 പേർ സൂപ്പർ ന്യൂമററി ആയി ജോലിയിൽ തുടരുകയാണ്. ശ്രീ.ശബരിനാഥിന്റെ സീനിയോരിറ്റി ഇവർക്കും താഴെയായിട്ടാണ്. ആയതിനാൽ സൂപ്പർ ന്യൂമററിയിൽ തുടരുന്നവരെ റഗുലറൈസ് ചെയ്താൽ മാത്രമേ ടിയാന് നിയമനം നൽകാൻ സാധിക്കുകയുള്ളൂ. ബഹു.കേരള ഹൈക്കോടതിയുടെ 25.02.2016 ലെ WPC Nos 33621/2015 & 5960/2016 ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററിയിലുള്ളവരെ റഗുലറൈസ് ചെയ്യുന്നതിന് സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആയതിനാലാണ് മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനം വൈകുന്നത്. |

| | |
|---|---|
| (ഡി) അടിയന്തരമായി നിയമനം നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | ബഹു.കേരള ഹൈക്കോടതിയുടെ 25.12.2016 ലെ WPC Nos 33621/2015 & 5960/2016 ഉത്തരവ് പ്രകാരമുള്ള സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് ശ്രീ.ശബരിനാഥിന്റെ സീനിയോരിറ്റി അനുസരിച്ച് മൃഗസംരക്ഷണ വകുപ്പിൽ ഉണ്ടാകുന്ന ഒഴിവിൽ ആശ്രിത നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ